# (കവിത) **കാലാന്തരങ്ങൾ**

**ഗ്രേസി ജോർജ്ജ്**

മദ്ധ്യവേനലിൻ അവധിക്കാലങ്ങളിൽ
കൂട്ടരുമായെത്തും മാവിൻറെ ചോട്ടിലായ്
കൂട്ടരില്ലാത്തൊരു നേരമുണ്ടായിടാം
പോയിരുന്നീടു മെന്നാലുമെല്ലാദിനം.

ഇടതൂർന്ന കാടുകൾക്കുള്ളിൽ നിലകൊള്ളും
മാവുകൾ, തോരണം ചാർത്തും പഴങ്ങളും
വലുപ്പത്തിൻ മാറ്റത്തിനൊപ്പ മറിഞ്ഞിടാം
പലനിറം,പല രുചി,വേറിടും സുഗന്ധങ്ങൾ.

ഒരു ഹിംസ്രജന്തുവും മറഞ്ഞിരിപ്പില്ലയീ--
ക്കാടിൻറെയുള്ളിലും മാവിൻ മറവിലും
കാപട്യമില്ലെന്നു പറയില്ലയെങ്കിലും
മനുഷ്യ മൃഗങ്ങളെ ഭയക്കേണ്ട അന്നാളിൽ .

അന്നത്തെക്കെണികളൊ,വയറിൻറെ പതപ്പിനാൽ
ഇന്നത്തെ കെണികളൊ,മനസ്സിൻറെ പിടപ്പിനാൽ

ഏകയായുള്ളൊരു ശൈശവം എവിടെന്ന്
തേടുകയാണിന്ന് ഒരോരോ കണ്കളും
പിച്ചവെച്ചീടുന്ന ശൈശവം ഇന്നില്ല
പിച്ചനടത്തിക്കും കൈകളും ഇന്നില്ല .

കാപട്യമറിയാത്ത കുഞ്ഞാണവളതാൽ
കൊത്തിപ്പറിച്ചാലും സ്നേഹമായ് കരുതിടും
ശൈശവപ്രായമാണെന്നു വരികിലും
പെണ്ണിൻറെ ലിംഗത്തിൽപ്പെട്ടവൾ തന്നല്ലൊ.

അതുമതിയതുമതി ആഘോഷമാക്കീടുവാൻ
അല്പനേരത്തേക്ക് ശമനം വരുത്തുവാൻ
ബന്ധത്തിൻ വിലയെന്തെന്നറിയാത്ത ജന്മങ്ങൾ
പാരിതിൽ അഗ്നിയായ് കത്തിപ്പടരുന്നു ...!